ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് 13.80 ദശലക്ഷം അമേരിക്കൻ ഡോളർ (ഏകദേശം 60 കോടി രൂപ) ഗ്രാന്റ് കേരള ഗവൺമെന്റ് മുഖാന്തിരം സുനാമി ബാധിത പ്രദേശങ്ങളിലെ ശുദ്ധജലവിതരണത്തിനായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിൽ 11.57 കോടി രൂപ വിവിധ സുനാമി ബാധിത ജില്ലകളിലെ (കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്) 204 പുനർനിർമ്മാണ പണികൾക്കും ബാക്കി തുക ദീർഘകാലാടിസ്ഥാനത്തിലുള്ള ആലപ്പാട്-ക്ലാപ്പന-ഓച്ചിറ-കരുനാഗപ്പള്ളി, കായംകുളം-ആറാട്ടുപുഴ ശുദ്ധജലവിതരണപദ്ധതികൾക്കുമായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

കാർഷിക വായ്പാ റിക്കവറികളിൽ മോറട്ടോറിയവും ഒറ്റത്തവണ തീർപ്പാക്കലും

111 [568] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ ചെയ്തതുപോലെ കർഷകർക്ക് ആശ്വാസമായി കാർഷിക വായ്പാ റിക്കവറികളിൽ 6 മാസത്തേക്കുകൂടി മോറട്ടോറിയം പ്രഖ്യാപിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇനിയും സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) മുൻകാലങ്ങളിൽ ചെയ്തതുപോലെ കർഷകർക്ക് ആശ്വാസമായി കാർഷിക വായ്പകൾ ഈടാക്കുന്നതിനുള്ള ജപ്തി നടപടികൾ 6 മാസത്തേക്കുകൂടി നിർത്തിവയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇനിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കാർഷിക കടങ്ങളിന്മേലുള്ള പലിശയിളവ്

112 [569] ശ്രീ. എം. എ. വാഹീദ്:

,, ടി. യു. രാധാകൃഷ്ണൻ:

,, കെ. സി. ജോസഫ്:

,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങളിന്മേലുള്ള പലിശയിളവ് ചെയ്ത ഇനത്തിൽ നിലവിലുള്ള ഗവൺമെന്റ് എന്തു തുക ഇതുവരെ സഹകരണ സംഘങ്ങൾക്ക് കൊടുത്തിട്ടുണ്ട്; ഈ ഇനത്തിൽ ഓരോ സഹകാരിക്കും എന്തു തുകയുടെ ആനുകൂല്യം കിട്ടിയിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ ഗവൺമെന്റിൽ നിന്നും തുക വാങ്ങിയ സംഘങ്ങളെല്ലാം പ്രസ്തുത ആനുകൂല്യം വായ്പയെടുത്തവർക്ക് നൽകിയിട്ടുണ്ടോ എന്ന് ഉറപ്പാക്കിയിട്ടുണ്ടോ; ഈ ആനുകൂല്യം ഗവൺമെന്റിൽ നിന്ന് വാങ്ങി വായ്പക്കാർക്ക് കൊടുക്കാത്ത എത്ര സഹകരണ ബാങ്കുകളുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly